Teachingninja.in

Latest Govt Job updates

Private Job updates

Free Mock tests available

Visit - teachingninja.in

Kerala PSC
Civil Police Officer

Previous Year Paper

Constable 2018 Paper-II

Teachingninja.in

109/2018-M

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ **383741**

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നി നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി മുന്നിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കൂറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ നൽകിയിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്റരെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

Teachingninja.in

109/2018-M

Maximum : 100 marks

Time : 1 hour and 15 minutes

1. കേരളത്തിലെ അശോക ചക്രവർത്തി എന്നറിയപ്പെടുന്ന രാജാവ് ആര്?
   (A) ധർമ്മരാജ
   (B) മാർത്താണ്ഡവർമ്മ
   (C) വരഗുണൻ
   (D) രവി കേരളവർമ്മൻ

2. തൂതപ്പുഴ ഏതു നദിയുടെ പോഷകനദിയാണ്?
   (A) പെരിയാർ
   (B) ഭാരതപ്പുഴ
   (C) പമ്പ
   (D) ഭവാനി

3. കേരളത്തിലെ ആദ്യത്തെ സ്വകാര്യ ബാങ്ക് ഏത്?
   (A) ഇന്റർനാഷണൽ ബാങ്ക്
   (B) ചാർട്ടേഡ് ബാങ്ക്
   (C) നെടുങ്ങാടി ബാങ്ക്
   (D) ഇംപീരിയൽ ബാങ്ക്

4. ഭൂപരിഷ്കരണ നിയമം നടപ്പാക്കിയ കേരളാ മുഖ്യമന്ത്രി :
   (A) സി. അച്യുത മേനോൻ
   (B) പട്ടം താണുപിള്ള
   (C) ഇ.എം.എസ് നമ്പൂതിരിപ്പാട്
   (D) ആർ. ശങ്കർ

5. മലയാളത്തിലെ ആദ്യത്തെ വ്യാകരണ ഗ്രന്ഥം തയ്യാറാക്കിയതാര്?
   (A) അർണോസ് പാതിരി
   (B) ബെഞ്ചമിൻ ബെയ്ലി
   (C) ഹെർമ്മൻ ഗുണ്ടർട്ട്
   (D) ഡോ. അഞ്ചലോസ് ഫ്രാൻസിസ്

6. തിരുവിതാംകൂർ കർഷകരുടെ മാഗ്നാകാർട്ട എന്നു വിശേഷിപ്പിക്കുന്ന പ്രഖ്യാപനം ഏത്?
   (A) അടിമ വ്യാപാര നിരോധനം
   (B) പണ്ടാരപാട്ട വിളംബരം
   (C) ജന്മി കുടിയാൻ നിയമം
   (D) ക്ഷേത്രപ്രവേശന വിളംബരം

7. ശ്രീനാരായണഗുരു ചട്ടമ്പിസ്വാമികളെ പ്രകീർത്തിച്ച് എഴുതിയ കൃതി ഏത്?
   (A) ദൈവദശകം
   (B) നിർവൃതിപഞ്ചകം
   (C) ദർശനമാല
   (D) നവമഞ്ജരി

8. കിഴരിയൂർ ബോംബ് കേസ് ഏതു സമരവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   (A) ക്വിറ്റ് ഇന്ത്യാ സമരം
   (B) മലബാർ ലഹള
   (C) മട്ടന്നൂർ കലാപം
   (D) ഉപ്പു സത്യാഗ്രഹം

Teachingninja.in

9. വിമോചന സമരത്തിന്റെ ഭാഗമായി അങ്കമാലി മുതൽ തിരുവനന്തപുരം വരെ ജീവശിഖാ ജാഥ നയിച്ചതാര്?

(A) മന്നത്തു പദ്മനാഭൻ
(B) വി.ടി. ഭട്ടതിരിപ്പാട്
(C) കെ.പി. കേശവ മേനോൻ
(D) സഹോദരൻ അയ്യപ്പൻ

10. ആറ്റിങ്ങൽ കലാപം നടന്ന വർഷം ഏത്?

(A) 1771
(B) 1721
(C) 1712
(D) 1717

11. ഹിമാനികളുടെ പ്രവർത്തനഫലമായി പർവ്വതഭാഗങ്ങൾക്ക് തേയ്മാനം സംഭവിച്ചുണ്ടാകുന്നവയാണ് :

(A) ബർക്കനുകൾ
(B) എറേറ്റുകൾ
(C) സിർക്കുകൾ
(D) ഹോണുകൾ

12. റൂർക്കേല സ്റ്റീൽ പ്ലാന്റ് ഏത് രാജ്യത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് സ്ഥാപിതമായത്?

(A) റഷ്യ
(B) ജർമ്മനി
(C) ഫ്രാൻസ്
(D) ഇംഗ്ലണ്ട്

13. സദിയ മുതൽ ധുബ്രി വരെയുള്ള ദേശീയ ജലപാത ഏതു നദിയിലാണ്?

(A) ബ്രഹ്മപുത്ര
(B) ഗോദാവരി
(C) ഗംഗ
(D) കൃഷ്ണ

14. ഇന്ത്യയിലെ ഏക അഗ്നിപർവ്വതം സ്ഥിതിചെയ്യുന്നതെവിടെ?

(A) നിക്കോബാർ ദ്വീപ്
(B) ബാരൻ ദ്വീപ്
(C) ലക്ഷദ്വീപ്
(D) പോർട്ട് ബ്ലയർ

15. കാക്രാപാറ ആണവ നിലയം ഏതു സംസ്ഥാനത്താണ്?

(A) മഹാരാഷ്ട്ര
(B) ഗുജറാത്ത്
(C) രാജസ്ഥാൻ
(D) ഉത്തർപ്രദേശ്

16. തേഭാഗ സമരം നടന്നതെവിടെ?

(A) ആന്ധ്രാപ്രദേശ്
(B) ബോംബെ
(C) ബംഗാൾ
(D) ഡൽഹി

17. 1857-ലെ വിപ്ലവത്തിന് ലഖ്നൗവിൽ നേതൃത്വം നൽകിയതാര്?

(A) മൗലവി അഹമ്മദുള്ള
(B) നാനാ സാഹിബ്
(C) ബീഗം ഹസ്രത്ത് മഹൽ
(D) റാണി ലക്ഷ്മി ഭായ്

Teachingninja.in

18. ഹിന്ദു മുസ്ലീം ഐക്യത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ല് എന്നു വിശേഷിപ്പിക്കുന്ന സന്ധി ഏത്?

(A) ലഖ്നൗ സന്ധി
(B) കാൺപൂർ സന്ധി
(C) മുസഫർപൂർ സന്ധി
(D) ഇവയൊന്നുമല്ല

19. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യശില്പി ആര്?

(A) മഹാത്മാഗാന്ധി
(B) ജവഹർലാൽ നെഹ്റു
(C) ബി.ആർ. അംബേദ്ക്കർ
(D) ഡോ. രാജേന്ദ്ര പ്രസാദ്

20. ലയനക്കരാർ തയ്യാറാക്കാൻ സർദാർ പട്ടേലിനൊപ്പം പ്രവർത്തിച്ചതാര്?

(A) ഡോ. വി.കെ. കൃഷ്ണമേനോൻ
(B) കെ.എം. പണിക്കർ
(C) ബി.ആർ. അംബേദ്ക്കർ
(D) വി.പി. മേനോൻ

21. നീതി ആയോഗ് നിലവിൽ വന്നതെന്ന്?

(A) 2014 ജനുവരി 1
(B) 2015 ജനുവരി 1
(C) 2015 മേയ് 1
(D) 2014 മേയ് 1

22. ഭാരതീയ റിസർവ്വ് ബാങ്കിന്റെ ധർമ്മമല്ലാത്തത് ഏത്?

(A) നോട്ട് അച്ചടിച്ചിറക്കൽ
(B) നിക്ഷേപം സ്വീകരിക്കൽ
(C) ബാങ്കുകളുടെ ബാങ്ക്
(D) വായ്പ നിയന്ത്രിക്കൽ

23. ഇന്ത്യൻ ഭരണഘടനയിൽ ഏകീകൃത സിവിൽ കോഡ് പരാമർശിച്ചിരിക്കുന്ന വകുപ്പ് ഏത്?

(A) 40
(B) 24
(C) 44
(D) 14

24. മൈക്രോ ഫിനാൻസിന് ഒരുദാഹരണം ഏത്?

(A) LIC
(B) KSFE
(C) UTI
(D) കുടുംബശ്രീ

25. 12-ാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം എന്ത്?

(A) സുസ്ഥിര വികസനം
(B) മാനവശേഷി വികസനം
(C) ദാരിദ്ര്യ നിർമ്മാർജ്ജനം
(D) എല്ലാ ജനവിഭാഗങ്ങളുടേയും സമഗ്ര വികസനം

Teachingninja.in

26. ഏതു സംഘടനയുടെ പ്രവർത്തനങ്ങളാണ് വിവരാവകാശ നിയമ നിർമ്മാണത്തിലേക്ക് നയിച്ചത്?
(A) അഖിലേന്ത്യാ കിസാൻ സമിതി
(B) മസ്ദൂർ കിസാൻ ശക്തി സംഘാതൻ
(C) അഖിലേന്ത്യാ മസ്ദൂർ ശക്തി സംഘാതൻ
(D) അഖിലേന്ത്യാ ട്രേഡ് യൂണിയൻ

27. ബാലാവകാശങ്ങൾ സംബന്ധിച്ച അഖിലേന്ത്യാ പ്രഖ്യാപനം വന്നതെപ്പോൾ?
(A) 1993 (B) 1949
(C) 1959 (D) 1989

28. സ്ത്രീകളുടെ ഉന്നമനത്തിനായി 1979 ഡിസംബർ 18 ന് ഐക്യരാഷ്ട്രസഭ അംഗീകരിച്ച ഉടമ്പടി ഏത്?
(A) സ്ത്രീസുരക്ഷ (B) സ്ത്രീശാക്തീകരണം
(C) സ്ത്രീവിവേചന നിവാരണ നടപടി (D) വനിതാ പ്രാതിനിധ്യം

29. 2003-ലെ 89-ാം ഭരണഘടനാ ഭേദഗതിയുടെ പ്രസക്തി എന്ത്?
(A) പഞ്ചായത്തീരാജ് ഭരണസംവിധാനം
(B) പട്ടിക വർഗ്ഗക്കാർക്കുവേണ്ടി പ്രത്യേക ദേശീയ കമ്മീഷൻ രൂപീകരിച്ചു
(C) വിദ്യാഭ്യാസം മൗലികാവകാശമാക്കി
(D) കൂറുമാറ്റ നിരോധന നിയമം

30. മുദ്രാ ബാങ്കിന്റെ ലക്ഷ്യം എന്ത്?
(A) ചെറുകിട വായ്പ നൽകൽ (B) ഭവന നിർമ്മാണം
(C) വനിതാശാക്തീകരണം (D) കൂടുതൽ പലിശ നൽകൽ

31. റോബോട്ടിന് പൗരത്വം അനുവദിച്ച ആദ്യ രാജ്യം :
(A) ഇറ്റലി (B) സൗദി അറേബ്യ
(C) കുവൈറ്റ് (D) ഖത്തർ

32. 2018-ലെ ദാദാ സാഹിബ് ഫാൽക്കെ പുരസ്ക്കാരം ലഭിച്ചതാർക്ക്?
(A) വിനോദ് ഖന്ന (B) രാജേഷ് ഖന്ന
(C) ധർമ്മേന്ദ്ര (D) അമിതാഭ് ബച്ചൻ

33. ഇന്ത്യയിൽ ജി.എസ്.ടി. നിലവിൽ വന്നതെന്ന്?
(A) 2017 ജൂലൈ 1 (B) 2017 നവംബർ 1
(C) 2017 ജനുവരി 1 (D) 2017 മാർച്ച് 1

Teachingninja.in

34. 2018-ലെ ജ്ഞാനപീഠ പുരസ്കാരം നേടിയതാര്?
(A) ഡോ. എം. ലീലാവതി
(B) എം.ടി. വാസുദേവൻ നായർ
(C) യു.കെ. കുമാരൻ
(D) സുഗതകുമാരി

35. രാജ്യാന്തര പ്രകാശ ദിനമായി ആചരിക്കുന്നതെന്ന്?
(A) മേയ് 6
(B) മേയ് 16
(C) ഏപ്രിൽ 6
(D) ഏപ്രിൽ 16

36. ഇപ്പോഴത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് :
(A) ആർ.എം. ലോധ
(B) ദീപക് മിശ്ര
(C) എച്ച്.എൽ. ദത്തു
(D) റ്റി.എസ്. താക്കൂർ

37. 2018 ഫിഫ വേൾഡ് കപ്പ് ഫുട്ബോൾ മത്സരം നടന്ന രാജ്യം ഏത്?
(A) ബ്രസീൽ
(B) ആസ്ട്രേലിയ
(C) റഷ്യ
(D) അമേരിക്ക

38. ഇപ്പോഴത്തെ യു.എൻ. സെക്രട്ടറി ജനറൽ :
(A) ബാൻ കി മൂൺ
(B) കോഫി അന്നൻ
(C) ബുട്രോസ് ബുട്രോസ് ഖാലി
(D) അന്റോണിയോ ഗുട്ടറസ്

39. ഹെൽമറ്റ് ധരിക്കാതെ ഇരുചക്രവാഹനക്കാർക്ക് പെട്രോളില്ല എന്ന നിയമം പ്രാബല്യത്തിൽ വരുത്തിയ സംസ്ഥാനം ഏത്?
(A) ആസ്സാം
(B) പശ്ചിമബംഗാൾ
(C) ആന്ധ്രാപ്രദേശ്
(D) ഒറീസ്സ

40. ഇന്ത്യയിൽ വ്യക്തിത്വ പദവി ലഭിച്ച നദി ഏത്?
(A) ബ്രഹ്മപുത്ര
(B) യമുന
(C) കാവേരി
(D) മഹാനദി

41. ഇപ്പോഴത്തെ തെലുങ്കാന മുഖ്യമന്ത്രി ആര്?
(A) കെ. ചന്ദ്രശേഖര റാവു
(B) കുമാരസ്വാമി
(C) മഹമ്മൂദ് അലി
(D) ആർ. വെങ്കിടേശ്വര റാവു

42. കുട്ടികളുടെ ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന യു.എൻ. സംഘടന :
(A) യൂണിസെഫ്
(B) WHO
(C) WTO
(D) യുനസ്കോ

Teachingninja.in

43. റബ്ബറിനുണ്ടാകുന്ന വിലയിടിവ് ഏറ്റവുമധികം ബാധിക്കുന്ന സംസ്ഥാനം :
(A) തമിഴ്നാട്
(B) കേരളം
(C) ആസ്സാം
(D) ആന്ധ്രാപ്രദേശ്

44. IT നിയമം ഇന്ത്യയിൽ നടപ്പാക്കിയ വർഷം :
(A) 2000
(B) 1999
(C) 2005
(D) 2003

45. IRNSS എന്നത് :
(A) ഒരു നാവിഗേഷൻ ഉപഗ്രഹം
(B) ചൊവ്വാ ദൗത്യം
(C) ബഹിരാകാശ ദൗത്യം
(D) ജിയോ സ്റ്റേഷനറി ഉപഗ്രഹം

46. കേന്ദ്ര നെല്ലു ഗവേഷണ കേന്ദ്രം എവിടെ?
(A) ബാംഗ്ലൂർ
(B) കട്ടക്ക്
(C) കോയമ്പത്തൂർ
(D) കൊൽക്കത്ത

47. ഭാവിയുടെ ലോഹം എന്നറിയപ്പെടുന്നതേത്?
(A) മഗ്നീഷ്യം
(B) ഇറിഡിയം
(C) ടൈറ്റാനിയം
(D) ഗാലിയം

48. യുദ്ധഭീഷണി നേരിടുന്ന സിറിയ ഏതു വൻകരയിലാണ് സ്ഥിതിചെയ്യുന്നത്?
(A) യൂറോപ്പ്
(B) അമേരിക്ക
(C) ഏഷ്യ
(D) ആസ്ട്രേലിയ

49. ഐക്യരാഷ്ട്ര സംഘടന മലാല ദിനമായി ആചരിച്ച ദിവസം ഏത്?
(A) 2013 ജൂൺ 12
(B) 2013 ആഗസ്റ്റ് 8
(C) 2013 ജൂലൈ 10
(D) 2013 ജൂലൈ 12

50. സൂര്യപ്രകാശത്തിലെ ഏതു കിരണങ്ങളാണ് ഡോളാർ കുക്കർ ചൂടാക്കാൻ സഹായിക്കുന്നത്?
(A) അൾട്രാവയലറ്റ് രശ്മി
(B) ഇൻഫ്രാറെഡ് രശ്മി
(C) ധവള പ്രകാശം
(D) സൂര്യപ്രകാശത്തിലെ നീലനിറം

51. ഏറ്റവും കൂടുതൽ കാലം ISRO ചെയർമാൻ ആയിരുന്നതാര്?
(A) എം.ജി.കെ. മേനോൻ
(B) വിക്രം സാരാഭായ്
(C) സതീഷ് ധവാൻ
(D) ഡോ. എ.എസ്. കിരൺ കുമാർ

Teachingninja.in

52. താഴെ കൊടുത്തിരിക്കുന്നവയിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സ് ഏത്?
(A) കൽക്കരി (B) സൗരോർജ്ജം
(C) പെട്രോളിയം (D) ഇവയൊന്നുമല്ല

53. ലോകത്തിൽ ഏറ്റവും കൂടുതൽ റോബോട്ടുകൾ പ്രവർത്തിക്കുന്ന രാജ്യം ഏത്?
(A) ചൈന (B) ജപ്പാൻ
(C) റഷ്യ (D) അമേരിക്ക

54. ഇന്ത്യയുടെ ആദ്യ ചാന്ദ്രപര്യവേഷണ ദൗത്യമായ ചന്ദ്രയാൻ 1 വിക്ഷേപിച്ചത് എന്ന്?
(A) 2008 നവംബർ 1 (B) 2008 നവംബർ 12
(C) 2008 ഒക്ടോബർ 22 (D) 2008 ഒക്ടോബർ 20

55. ഇന്ത്യൻ കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ചിന്റെ പ്രസിഡന്റാര്?
(A) രാഷ്ട്രപതി (B) പ്രധാനമന്ത്രി
(C) ഉപരാഷ്ട്രപതി (D) ശാസ്ത്ര സാങ്കേതിക വകുപ്പ് മന്ത്രി

56. ലോകത്തിലെ ഏറ്റവും വലിയ സൗരോർജ്ജ പ്ലാന്റ് ഏത്?
(A) സൊണോരൻ മരുഭൂമി (B) കലഹാരി മരുഭൂമി
(C) സഹാറ മരുഭൂമി (D) മൊജാവ് മരുഭൂമി

57. സുവർണ്ണ ചതുഷ്കോണ സൂപ്പർ ഹൈവേയുടെ ചുമതല നിർവ്വഹിക്കുന്നത് :
(A) സംസ്ഥാന ഹൈവേ അതോറിറ്റി (B) സംസ്ഥാന ഗവണ്മെന്റ്
(C) നാഷണൽ ഹൈവേ അതോറിറ്റി (D) കേന്ദ്ര ഗവണ്മെന്റ്

58. ഉത്തരേന്ത്യൻ സമതലത്തിൽ മേയ് ജൂൺ മാസങ്ങളിൽ വീശുന്ന വരണ്ട ഉഷ്ണക്കാറ്റാണ് :
(A) മാംഗോഷവർ (B) കാൽബൈശാഖി
(C) ലൂ (D) ചിനൂക്ക്

59. കാവേരി നദീജലതർക്കം ഏതൊക്കെ സംസ്ഥാനങ്ങൾ തമ്മിലാണ്?
(A) കേരളം-തമിഴ്നാട് (B) ഉത്തർപ്രദേശ്-മദ്ധ്യപ്രദേശ്
(C) കർണ്ണാടക-തമിഴ്നാട് (D) കേരളം-കർണ്ണാടക

60. താഴെ കൊടുത്തിരിക്കുന്നവയിൽ ഖാരിഫ് വിള ഏത്?
(A) ഗോതമ്പ് (B) കടുക്
(C) ചോളം (D) പയറു വർഗ്ഗങ്ങൾ

Teachingninja.in

61. വിട്ടുപോയ സംഖ്യ ഏത്?

0, 7, 26, 63, ?

(A) 99
(B) 80
(C) 124
(D) 125

62. $7 * 4 = 18, 5 * 9 = 32, 6 * 7 = 30$ എങ്കിൽ $8 * 3 =$

(A) 24
(B) 14
(C) 34
(D) 44

63. ഒരു ക്ലാസ്സിലെ 4 കുട്ടികൾ ഒരു ബഞ്ചിൽ ഇരിക്കുന്നു. സുരാജ് മനുവിന്റെ ഇടതുവശത്തും രേണുവിന്റെ വലതുവശത്തുമാണ്. അനുവിന്റെ ഇടതുവശത്താണ് രേണു. എങ്കിൽ ആരാണ് ഏറ്റവും ഇടതറ്റത്ത് ഇരിക്കുന്നത്?

(A) രേണു
(B) സുരാജ്
(C) മനു
(D) അനു

64. A എന്ന കടയിൽ 2 ഷർട്ട് വാങ്ങിയാൽ അതേപോലെ മൂന്നാമതൊന്നു സൗജന്യം. B എന്ന കടയിൽ 34% ഡിസ്കൗണ്ട്. എവിടെയാണ് കൂടുതൽ കിഴിവ്?

(A) A യിൽ
(B) B യിൽ
(C) രണ്ടും തുല്യം
(D) താരതമ്യം സാധ്യമല്ല

65. ഒരാൾ 20 ദിവസം കൊണ്ട് 5,000 രൂപ സമ്പാദിക്കുന്നു. എങ്കിൽ 30 ദിവസം കൊണ്ട് അയാൾ എത്ര രൂപ സമ്പാദിക്കും?

(A) 6,000 രൂപ
(B) 7,000 രൂപ
(C) 7,500 രൂപ
(D) 10,000 രൂപ

66. പാർക്കിലുള്ള ഒരു വനിതയെ ചൂണ്ടിക്കൊണ്ട് ബാബു പറഞ്ഞു. "എന്റെ അമ്മയുടെ ഒരേയൊരു മകന്റെ മരുമകളാണ് അവൾ". ആ വനിതയും ബാബുവും തമ്മിലുള്ള ബന്ധമെന്ത്?

(A) അമ്മ
(B) മകൾ
(C) അമ്മായി
(D) ഭാര്യ

Teachingninja.in

67. $\left(\frac{y^b}{y^c}\right)^a \times \left(\frac{y^c}{y^a}\right)^b \times \left(\frac{y^a}{y^b}\right)^c$ എത്ര?

(A) 4 (B) 2

(C) 0 (D) 1

68. A എന്നാൽ '–', B എന്നാൽ '+', C എന്നാൽ '÷', D എന്നാൽ '×' ആയാൽ 20 C 5 A 3 B 4 D 2 :

(A) 9 (B) 15

(C) 8 (D) 12

69. തുടർച്ചയായ 2 ഒറ്റ സംഖ്യകളുടെ വർഗ്ഗങ്ങളുടെ വ്യത്യാസം 144 ആയാൽ സംഖ്യകൾ ഏതെല്ലാം?

(A) 33, 35 (B) 35, 37

(C) 36, 38 (D) 37, 39

70. 18.88 + 88.81 + 881.828 എത്ര?

(A) 969.518 (B) 981.518

(C) 989.518 (D) 935.518

71. 15 ലിറ്ററിന്റെ 9 കുടങ്ങൾ കൊണ്ട് നിറയ്ക്കാവുന്ന ഒരു ടാങ്ക് നിറയ്ക്കാൻ 4.5 ലിറ്ററിന്റെ എത്ര കുടങ്ങൾ ആവശ്യമായി വരും?

(A) 20 (B) 30

(C) 45 (D) 60

72. 6 ന്റെ ആദ്യത്തെ 30 ഗുണിതങ്ങളുടെ ശരാശരി എത്ര?

(A) 90 (B) 89

(C) 93 (D) 85

73. അനു ഒരു ബാങ്കിൽ നിക്ഷേപിച്ച തുക 8 വർഷം കൊണ്ട് ഇരട്ടിയാകുമെങ്കിൽ പലിശനിരക്ക് എത്ര?

(A) $12\frac{1}{2}\%$ (B) 13%

(C) $13\frac{1}{2}\%$ (D) 14%

Teachingninja.in

74. ഒരാൾ 6 മീറ്റർ തെക്കോട്ട് സഞ്ചരിച്ച ശേഷം 8 മീറ്റർ കിഴക്കോട്ട് സഞ്ചരിക്കുന്നു. എങ്കിൽ അയാൾ ഇപ്പോൾ യാത്ര ആരംഭിച്ച സ്ഥലത്തുനിന്നും എന്തകലത്തിലാണ്?

(A) 10 മീറ്റർ
(B) 14 മീറ്റർ
(C) 2 മീറ്റർ
(D) 7 മീറ്റർ

75. ചതുരാകൃതിയിലുള്ള പുരയിടത്തിന്റെ നീളവും ചുറ്റളവും തമ്മിലുള്ള അംശബന്ധം 1 : 3 ആണ്. എങ്കിൽ ആ പുരയിടത്തിന്റെ നീളവും വീതിയും തമ്മിലുള്ള അംശബന്ധമെന്ത്?

(A) 1 : 2
(B) 3 : 2
(C) 2 : 3
(D) 2 : 1

76. ഒരു വർഷത്തിൽ ആഗസ്റ്റ് 25-ാം തീയ്യതി വ്യാഴം ആണെങ്കിൽ ആ മാസത്തിൽ ആകെ എത്ര തിങ്കളാഴ്ചകൾ ഉണ്ട്?

(A) 4
(B) 6
(C) 3
(D) 5

77. ഒരു ക്ലോക്കിലെ സമയം അതിന്റെ എതിർവശത്തിരിക്കുന്ന കണ്ണാടിയിൽ 4.40 ആയി കാണുന്നുവെങ്കിൽ ക്ലോക്കിലെ യഥാർത്ഥ സമയം എത്ര?

(A) 2.20
(B) 8.20
(C) 7.20
(D) 3.20

78. തന്നിരിക്കുന്ന സംഖ്യാശ്രേണിയിലെ ഒരു പദം തെറ്റാണ്. ഏതാണത്?

5, 6, 14, 40, 89, 170, 291

(A) 6
(B) 14
(C) 40
(D) 89

79. 36 ആളുകൾ 25 ദിവസം കൊണ്ട് തീർക്കുന്ന ഒരു ജോലി 15 ആളുകൾ എത്ര ദിവസം കൊണ്ട് തീർക്കും?

(A) 60
(B) 55
(C) 65
(D) 70

80. ക്ലോക്കിലെ സമയം 3 : 30 ആയാൽ സൂചികൾ തമ്മിലുള്ള കോണളവ് എത്ര?

(A) 105°
(B) 80°
(C) 90°
(D) 75°

Teachingninja.in

81. A person who finds pleasure in suffering, pain, humiliation etc is known as :
(A) misogynist (B) masochist
(C) misogamist (D) misanthropist

82. You understand what I'm saying. Add question tag :
(A) Do you? (B) Don't you?
(C) Doesn't you? (D) Didn't you?

83. She told me that he ———— his mother last year.
(A) has lost (B) had lost
(C) was lost (D) lost

84. The passive form of 'Give him a book' :
(A) Let a book be given (B) Let a book be given to him
(C) Let him gave the book (D) Let the book be given

85. We can just ———— the outline of those distant mountains.
(A) make up (B) make out
(C) make for (D) make up for

86. "I saw this film a week ago", he said. He said that :
(A) He saw the film a week ago (B) He had seen the film a week before
(C) He saw the film a week before (D) He had seen the film a week ago

87. She is ————. She behaves like her mother.
(A) The chip of the old block (B) A chip of old block
(C) A chip of an old block (D) A chip of the old block

88. Students must have access ———— good books.
(A) of (B) in
(C) to (D) with

89. Man, thou art ———— wonderful animal!
(A) an (B) the
(C) a (D) none of these

90. If you dropped the plate :
(A) it will break (B) it would break
(C) it would have broken (D) it will have broken

Teachingninja.in

91. Opposite of Repudiate :
(A) refuse
(B) reject
(C) affirm
(D) abandon

92. Lots of sugar _____ put into the tea.
(A) were
(B) was
(C) are
(D) have

93. We could _____ reach there.
(A) once
(B) ever
(C) late
(D) never

94. A historian must be truthful in the presentation of facts. Choose the synonym of truthful :
(A) veracious
(B) voracious
(C) virtual
(D) virtuous

95. The correctly spelt word below is :
(A) Anexation
(B) Alegation
(C) Amalgamation
(D) Abreviation

96. She has won first place in the competition. We should give her a :
(A) reward
(B) price
(C) praise
(D) prize

97. The _____ education that is imparted to children in this village is of high standard.
(A) elementary
(B) rudimentary
(C) preliminary
(D) none of these

98. Choose the combination that is not possible :
(A) A fair decision
(B) A fair girl
(C) A fair colour
(D) None of these

99. Find out the correct sentence :
(A) Have you forgotten doing your homework
(B) Have you forgot doing your homework
(C) Have you forgot homework
(D) Have you forgotten to do your homework

100. I _____ him only one letter up to now.
(A) sent
(B) shall send
(C) have sent
(D) none of these

Teachingninja.in